# ബന്ധങ്ങളിൽ തഴച്ചുവളരുന്നത് ഇൻസ്റ്റൻറ് സംസ്കാരങ്ങളുടെ കള

jthrees@hotmail.com

ആധുനികതക്ക് അരമുഴം മുണ്ട്. ഉത്തരാധുനികതയിലത് അരയിഞ്ച് എന്നിട്ടും നമുക്കഭിമാനം.

ഉത്തരാധുനികത എന്നു പറയുന്നത് നാം ജീവിക്കുന്ന കാലഘട്ടത്തിന് ആരോ നല്കിയ പേരാണ്. ആധുനികതയിലുണ്ടായിരുന്നതൊക്കെ അതിൻെറ പൂർണതയോടെ എത്തിനില്ക്കുന്നതാണ് ഉത്തരാധുനികത എന്ന് കരുതരുത്. പലതും പിറകിൽ ഉപേക്ഷിച്ചാണ് നാം ഇവിടെ എത്തിയത്.

ടെക്നോളജിയുടെ വികാസം അതിശക്തമായിരുന്നു. അതിനു പിറകിൽ ഓരോ പൗരൻെറയും പലവിധ അധ്വാനവുമുണ്ട്. അത് പണത്തെ ആശ്രയിച്ചു നില്ക്കുന്ന കാര്യം. പക്ഷേ പണം കൊടുത്താൽ കിട്ടാത്ത ഒരു സംഗതി പിറകിൽ ഉപേക്ഷിച്ചത് നാം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. അതൊരു വിലാപമായി എടുക്കുന്നില്ല. പരിഹാരമുണ്ട് എന്നതാണ് ആശ്വാസം.

ആധുനികതയിൽ മനുഷ്യബന്ധങ്ങൾക്ക് ആചാരങ്ങളുടെയും മര്യാദകളുടെയും നിറവും മണവും ആശ്വാസവുമുണ്ടായിരുന്നു. അത് മൊത്തത്തിൽ എല്ലാറ്റിനും വെളിച്ചവുമേകിയിരുന്നു. അതിനാൽ തെറ്റുകളിലും അവർ ഒരു മര്യാദ നിലനിർത്തുകയുണ്ടായി.

ആ വെളിച്ചവും മര്യാദയും നഷ്ടപ്പെട്ടു എന്നതാണ് ഉത്തരാധുനികതയുടെ സവിശേഷത. പുറമെ നിന്നുള്ള സംസ്കാരങ്ങളുടെ മയക്കത്തിലാണ് നാം. അതെ സംബന്ധിച്ച ബോധവും നമുക്ക് ഇല്ലാതായിരിക്കുന്നു. നേരത്തെയുണ്ടായിരുന്ന ആത്മീയചോദനയെ അധിനിവേശസംസ്കാരങ്ങൾ നശിപ്പിക്കുകയാണ് ചെയ്തത്. മാനുഷികബന്ധങ്ങൾക്കുപോലും അത് വെവ്വേറെ തുരുത്തുകൾ നിർമിച്ചിരിക്കുന്നു. മക്കളും മാതാപിതാക്കളും തമ്മിലും, ഗുരുജനങ്ങളും ശിഷ്യഗണങ്ങളും തമ്മിലും സുഹൃത്തുക്കൾ തമ്മിലും കുടുംബങ്ങൾ തമ്മിലുമൊക്കെയുണ്ടായിരുന്ന ബന്ധങ്ങളിൽ പലവിധ വ്യതിയാനങ്ങളും സംഭവിച്ചത് ഈ കാലഘട്ടത്തിലാണ്. നിഷേധിച്ചിട്ട് കാര്യമില്ല.

ഓരോ ദിനം മുന്നോട്ട് പോകുംതോറും ക്രിമിനൽ രീതികൾ പെരുകുകയാണ് നമ്മുടെ നാട്ടിൽ. ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, കൊല, കവർച്ച, ലൈംഗികാരാചകത്വം, മയക്കുമരുന്നിൻെറ ഉപഭോഗം എന്നിവ ക്രമാതീതമായി വർധിച്ചിരിക്കുന്നു. കൗമാരപ്രായക്കാർ പോലും അതിൽനിന്നൊഴിവല്ല. മാധ്യമങ്ങൾ അവയെ പ്രോത്സാഹിപ്പിക്കുന്നു. രാഷ്ട്രീയരംഗമാകട്ടെ, സ്വജനപക്ഷപാതിത്വത്തിൻെറയും കെടുകാര്യസ്ഥതയുടെയും ജനവിരുദ്ധ സമീപനത്തിൻെറയും കൂത്തരങ്ങായിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും അരക്ഷിതാവസ്ഥയിലാണുള്ളത്. എന്താണ് ഇതിനർഥം?

ശക്തമായ ആത്മീയ ദാരിദ്ര്യം നമ്മെ ബാധിച്ചിരിക്കുന്നു. പക്ഷേ അതിനുള്ള പരിഹാരം നമ്മുടെ കൈവശം തന്നെയുണ്ട്. അതുപയോഗിക്കാൻ പോലും നാം മറന്നിരിക്കുന്നു.

ഉത്തരാധുനികതയിൽ നാം കൈവരിച്ച നേട്ടങ്ങളോടൊപ്പം മൂല്യവത്തായ പാരമ്പര്യങ്ങളിലേക്ക് നാം തിരിച്ചുപോവുക. മനുഷ്യബന്ധങ്ങളിലും ജീവിതരീതിയിലും പഴയ മൂല്യങ്ങളെ അതേപടി നിലനിർത്താനനുവദിക്കുക. ആത്മീയവും ഭൗതികവുമായ സർവതിനെയും അതിൻെറ മൂല്യങ്ങളോടെ സമന്വയിപ്പിച്ച് മുന്നോട്ട് പോവുക. ഓരോരുത്തരും അവൻെറ ജീവിതത്തിലും ചുറ്റുപാടിലും ഈ രീതി മുറുകെ പിടിക്കാൻ പരമാവധി ശ്രമിക്കുക. മതത്തിൻെറ ചട്ടക്കൂട് അറുത്തെറിയാനല്ല ശ്രമിക്കേണ്ടത് അതിൻെറ വീക്ഷണത്തിലൂടെ സകലതിനെയും സംസ്കരിക്കാനാണ് പരിശ്രമിക്കേണ്ടത്. എങ്കിലേ നമ്മെ ബാധിച്ച ജീർണതക്ക് പരിഹാരമുണ്ടാവുകയുള്ളൂ.